പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1569 21. 01. 2014- ലെ മറുപടി

ഗൾഫ് നാടുകളിൽ ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ് *(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് നാടുകളിൽ ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയവരെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; | (എ) ഗൾഫ് നാടുകളിൽ ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയവരുടെ കണക്ക് നോർക്ക വകുപ്പ് ശേഖരിച്ചിട്ടില്ല. |
| (ബി) ഏതെല്ലാം ഗൾഫ് നാടുകളിൽ നിന്ന് ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയവരുടെയും എന്ന് മുതൽ തിരിച്ചെത്തിയവരുടെയും കണക്കുകളാണ് നോർക്ക ശേഖരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് 2013 ഏപ്രിൽ 1 മുതൽ 2013 ഡിസംബർ 31 വരെ കേരളത്തിലെ വിവിധ എയർപോർട്ടുകളിൽ സ്ഥാപിച്ച ഹെൽപ് ഡെസ്ക്കുകളിലൂടെയും നോർക്ക-റൂട്ട്സിന്റെ വെബ്സൈറ്റിൽ സ്ഥാപിച്ച ഓൺലൈൻ സംവിധാനത്തിലൂടെയും സൗദി അറേബ്യയിൽ നിന്നും തിരികെയെത്തിയവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. അതനുസരിച്ച് ഉദ്ദേശം 20,835 മലയാളികൾ സൗദി അറേബ്യയിൽ നിന്നും മടങ്ങിയെത്തിയതായി കാണുന്നു. |
| (സി) ഗൾഫ് മേഖലയിലേക്ക് പോകുന്നവരുടെയും വരുന്നവരുടെയും കണക്കുകൾ ശേഖരിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; ഓൺലൈനിൽ രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഉണ്ടോ; വ്യക്തമാക്കാമോ? | (സി) ഗൾഫിലെ തൊഴിൽ മേഖലയിലേക്ക് പോകുന്നവരുടെയും വരുന്നവരുടേയും കണക്ക് ശേഖരിക്കാൻ നിലവിൽ നോർക്ക വകുപ്പിൽ സംവിധാനം ഇല്ല. എന്നാൽ സൗദിയിൽ നിതാഖത്ത് കർശനമാക്കിയതിനെത്തുടർന്ന് നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ സ്ഥാപിച്ച ഓൺലൈൻ സംവിധാനത്തിൽ സൗദി അറേബ്യയിൽ നിന്നും മടങ്ങിയെത്തിയവർക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോഴും നിലവിലുണ്ട്. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണ നടപടികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കിയ സമഗ്ര പുനരധിവാസ പദ്ധതിയിൽ ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസി മലയാളികളുടെ ഓൺലൈൻ രജിസ്ട്രേഷനും അവർക്ക് ബയോമെട്രിക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനും ഒരു പദ്ധതി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ